I ഇ.ബി. XIV - കേരള നിയമസഭ /X-15

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I **അടിയന്തരപ്രമേയം**

<u>അൺഎയ്ഡഡ് സ്കൂളുകളുടെ അംഗീകാരം</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുത്തുന്നതിന്റെ പേരിൽ അൺ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള തീരുമാനംമൂലം വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ പഠനവും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിലവസരവും നഷ്ടപ്പെടുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ

നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരളത്തിൽ നിലവിൽ സർക്കാർ മേഖലയിൽ 4695 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7220 സ്കൂളുകളും അംഗീകൃത അൺ-എയ്ഡഡ് മേഖലയിൽ 1066 സ്കൂളുകളും ഉൾപ്പെടെ 12981 വിദ്യാലയങ്ങൾക്കുപുറമേ അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് വിദ്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു. പ്രധാനപ്പെട്ട പ്രദേശങ്ങളിലെല്ലാം നടന്നെത്താവുന്ന ദൂരത്തിൽ വിദ്യാലയങ്ങളുണ്ട്. അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ പലതും മിനിമം നിലവാരം പുലർത്താത്തവയും സേവന-വേതന വ്യവസ്ഥകൾ പാലിക്കാത്തവയുമാണ്. അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ പ്രവർത്തിക്കാൻ പാടില്ലെന്ന് വിദ്യാഭ്യാസ അവകാശ നിയമവും ചട്ടങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് സർക്കാർ അവസരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 1194 അപേക്ഷകൾ ലഭിക്കുകയും 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിക്കാത്ത സ്കൂളുകൾ സർക്കാരിനു നൽകിയ പരാതികൾ പരിശോധിക്കും. അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടണമെന്ന 2016-ലെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നോട്ടീസ് നൽകുകയും പല സ്കൂളുകളും കോടതി സ്റ്റേ സമ്പാദിക്കുന്നതുമുൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ പരാതികളും വിശദീകരണങ്ങളും കോടതി വിധിയുടെ പശ്ചാത്തലത്തിൽ വിലയിരുത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയതുമൂലം പല വിദ്യാലയങ്ങളിലും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരാൻ സാധിക്കുമോയെന്നതുൾപ്പെടെയുള്ള ആശങ്ക നിലനിൽക്കുകയാണ്. പഠന നിലവാരവും പശ്ചാത്തല സൗകര്യവുമുള്ള അയ്യായിരത്തോളം വിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ടി വരുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. തൊഴിൽ നഷ്ടപ്പെടുന്നവരിൽ ഭൂരിപക്ഷവും അഭ്യസ്തവിദ്യരായ സ്ത്രീകളാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനുപുറമേ സ്കൂളുകൾ സർട്ടിഫിക്കറ്റ് ഓഫ് റെക്കഗ്നീഷൻ വാങ്ങിയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. തത്വദീക്ഷയില്ലാതെ ഈ നിയമം നടപ്പിലാക്കിയാൽ വിദ്യാർത്ഥികൾ മറ്റ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേരേണ്ടി വരുന്നമെന്നതിനാലും ഗൾഫ് രാജ്യങ്ങളിൽനിന്നുൾപ്പെടെ

വിദ്യാർത്ഥികൾ മടങ്ങിവരുന്നതുമൂലവും നിരവധി അദ്ധ്യാപക തസ്തികകളുൾപ്പെടെ സൃഷ്ടിക്കേണ്ടിവരുന്നതിനാൽ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. സർക്കാർ സ്കൂളുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ അവകാശ നിയമം കർശനമാക്കുന്നതിനും അനുയോജ്യമായ വ്യവസ്ഥകൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങളുള്ള അംഗീകാരം നേടിയിട്ടില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിൽ സാവകാശം നൽകുന്നതിനും ടി മേഖലയിൽ സേവനമനുഷ്ഠിക്കുന്നവരെ സംരക്ഷിക്കുന്നതിനും നടപടിയെടുക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത 1585 സ്കൂളുകൾക്ക് ബാലാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം സർക്കാർ നൽകിയ നോട്ടീസിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ വിശദീകരണങ്ങളും പരാതികളും ഗൗരവമായി പരിശോധിക്കുന്നതാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ വളർത്തുന്നതിൽ സാമുദായിക സംഘടനകളും മറ്റും വഹിച്ച പ്രധാന പങ്ക് കണക്കിലെടുത്താണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സർക്കാർ-എയ്ഡഡ് സ്കൂളുകൾക്ക് തുല്യ പരിഗണന നൽകിയിരിക്കുന്നത്. സ്കൂളുകൾക്ക്

ഹൈടെക്ക് സംവിധാനം ഏർപ്പെടുത്തിയപ്പോൾ കൂടുതൽ ഫണ്ടും എയ്ഡഡ് സ്കൂളുകൾക്കാണ് അനുവദിച്ചത്. അദ്ധ്യാപകരുടെ ശമ്പളം, വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന അധിക ഫീസ്, അടിസ്ഥാന സൗകര്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. വിവിധ പ്രദേശങ്ങളിലെ സ്കൂളുകളുടെ കുറവ് സർവ്വേയിലൂടെ കണ്ടെത്തി സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ മാനദണ്ഡങ്ങളിൽ ഇളവ് പ്രഖ്യാപിക്കുകയും രണ്ട് വർഷത്തെ സാവകാശം നൽകുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ലാഭേച്ഛയില്ലാതെ മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്തണം. വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ചുള്ള നിയന്ത്രണങ്ങൾ ആവശ്യമാണെങ്കിലും ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരുമിച്ച്

അടച്ചുപൂട്ടുന്നത് വിദ്യാർത്ഥികളെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെയും ബാധിക്കുമെന്നതിനാൽ ഈ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പരിശോധിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകണം. സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്നത് സംസ്ഥാനത്തിന്റെ ചുമതലയാണ്. പുതിയ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകണം. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുകയും പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന നടപടികളോട് യോജിക്കുകയാണ്.

മി. സ്പീക്കർ: പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സർക്കാരും ഈ സഭയിലെ എല്ലാ ജനപ്രതിനിധികളും ആരോഗ്യകരമായ മൽസരത്തിലൂടെ ശക്തിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു നിലപാട് പ്രതിപക്ഷം സ്വീകരിച്ചത് അഭിനന്ദനാർഹമാണ്.

## II ശ്രദ്ധക്ഷണിക്കൽ

### ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസിന് സൗജന്യ ചികിത്സ

ശ്രീ. മുരളി പെരുനെല്ലി: നട്ടെല്ലിനേയും ഇടുപ്പെല്ലിനേയും ബാധിക്കുന്നതും സ്ഥിരമായ വൈകല്യത്തിലേയ്ക്ക് നയിക്കുന്നതും അതികഠിന വേദനയുളവാക്കുന്നതുമായ ഗുരുതരമായ സന്ധിരോഗമാണ് ആങ്കിലോസിംഗ്

സ്പോണ്ടിലൈറ്റിസ്. നട്ടെല്ലിലും സന്ധികളിലും കഴുത്തിലും അനുഭവപ്പെടുന്ന അസഹ്യമായ വേദനയും നീർവീക്കവുമാണ് ഇതിന്റെ പ്രധാനലക്ഷണങ്ങൾ. രോഗം മൂർച്ഛിക്കുമ്പോൾ ശ്വാസതടസ്സമുണ്ടാകുകയും ഹൃദയവാൽവുകളെ ബാധിക്കുകയും ചെയ്യുന്നു. മണലൂർ മണ്ഡലത്തിലെ പാവറട്ടി സ്വദേശിയായ സൈജു എന്ന ചെറുപ്പക്കാരൻ എം.ബി.എ.യ്ക്ക് പഠിക്കുമ്പോൾ ഈ രോഗം പിടിപെട്ട് ഇപ്പോൾ ദയനീയാവസ്ഥയിലാണ്. ഈ രോഗത്തിനുള്ള വിലകൂടിയ മരുന്ന് സാധാരണക്കാർക്ക് താങ്ങാനാവുന്നതല്ല. രോഗബാധിതർക്ക് അടിയന്തര സ്ഥിരചികിത്സ ലഭ്യമാക്കുന്നതിനും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ചെറുപ്പക്കാരിൽ കണ്ടുവരുന്ന ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസിന്റെ പ്രാരംഭ ലക്ഷണങ്ങൾ കഴുത്തിനും സന്ധികൾക്കും ഉണ്ടാകുന്ന വേദന, എഴുന്നേൽക്കുമ്പോൾ ശരീരത്തിലുണ്ടാകുന്ന ആയാസക്കുറവ് എന്നിവയാണ്. രോഗം മൂർച്ഛിക്കുമ്പോൾ കണ്ണിനും കഴുത്തിനും ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന വേദനയുണ്ടാകുന്നു. ശരീരത്തിലെ സന്ധികളെയെല്ലാം ഇത് ബാധിക്കുകയും നട്ടെല്ലിലെ കശേരുക്കൾക്കിടയിലെ സന്ധികൾ ഉറച്ചുപോകുകയും ശരീരം സ്റ്റിഫാകുകയും നട്ടെല്ല് വളയ്ക്കാനും ശ്വാസോച്ഛ്വാസത്തിനും ബുദ്ധിമുട്ട് നേരിടുകയും

ഇടുപ്പെല്ലിനെ സാരമായി ബാധിക്കുകയും ചെയ്യുന്നതിനാൽ രോഗി ഇടുപ്പെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകേണ്ടി വരുന്നു. കൂടുതലായും പുരുഷന്മാരിൽ കണ്ടുവരുന്ന ഈ അസുഖത്തിന് കൃത്യമായ ചികിത്സ കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ വേദനയുടെ കാഠിന്യം കുറയ്ക്കുന്നതിനുള്ള മരുന്നുകളും ഫിസിയോതെറാപ്പിയുമാണ് പ്രധാന ചികിത്സാ വിധി. സംസ്ഥാനത്തെ 22 പി.എം.ആർ. യൂണിറ്റുകളിൽ ഫിസിയോതെറാപ്പി ചികിത്സ ലഭ്യമാക്കുന്നതിനുപുറമെ വേദന കുറയ്ക്കുന്നതിനുള്ള പലതരം ചികിത്സകളും സെർവിക്കൽ കോളർ, സ്പൈനൽ കോർസെറ്റ് എന്നിവയും നൽകുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ എസ്സെൻഷ്യൽ ഡ്രഗ് ലിസ്റ്റിലുൾപ്പെട്ട മരുന്നുകളും കാരുണ്യ ഫാർമസിയിലൂടെ ജീവൻ രക്ഷാ മരുന്നുകളും സൗജന്യമായി നൽകുന്നത് കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇടുപ്പെല്ല് മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയയും ഫിസിയോതെറാപ്പി ചികിത്സയും സൗജന്യമായി നൽകി വരുന്നുണ്ട്. ഇത്തരം രോഗികളുടെ സർവ്വേ നടത്തി ചികിത്സ ലഭ്യമാക്കാനുള്ള സഹായം നൽകുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രോഗിയെ സംബന്ധിച്ച് അപേക്ഷ നൽകിയാൽ സർക്കാരിന്റെ പരിധിയിലുള്ള എല്ലാ സഹായവും നൽകുന്നതാണ്.

(2) <u>കാർഡമം ഹിൽ റിസർവ് ഭൂമി</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സി.എച്ച്.ആർ. ഏരിയയിൽ 1964-ലെ ഭൂമി പതിവ്

ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമി കേരള വൃക്ഷ സംരക്ഷണ നിയമം വകുപ്പ് 5-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും അവിടെയുള്ള സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും 1-1-1977-നുശേഷം കൈവശാവകാശമുള്ള ഭൂമിയിലെ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം കാലപരിധിയില്ലാതെ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും കർഷകരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സി.എച്ച്.ആർ. ഏരിയയിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമി 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമം വകുപ്പ്-5-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് വനം-റവന്യൂ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി പ്രകാരം മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന വ്യവസ്ഥ പ്രകാരം സ്വീകരിക്കേണ്ട

നടപടികൾ സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജസ്ഥിതി, ടി ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നിവ പരിഗണിച്ച് എൻ.ഒ.സി. നൽകാൻ ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വട്ടവട, കൊട്ടക്കാമ്പൂർ അടക്കമുള്ള വില്ലേജുകളിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുണ്ട്. മന്ത്രിതല സംഘം കുറഞ്ഞിമല സാങ്ച്വറി സന്ദർശിക്കുകയും ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ യൂക്കാലിപ്റ്റസ് മരങ്ങൾ പിഴുത് മാറ്റുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടപ്രകാരം പതിച്ച് ലഭിക്കുന്ന ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങളിൽ ചന്ദനം ഒഴികെയുള്ളവ മുറിക്കുന്നതിന് അവകാശം നൽകുകയും ചെയ്തിട്ടുണ്ട്. 1993-ലെ റൂൾസ് പ്രകാരം കർഷകർ നട്ടുപിടിപ്പിക്കുന്ന ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചന്ദനവേമ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ ഒഴികെ മറ്റ് മരങ്ങൾ പട്ടയത്തിൽ റിസർവ് ചെയ്തിട്ടില്ലാത്ത പക്ഷം മുറിക്കുന്നതിന് നിയന്ത്രണമില്ലാത്തതാണ്. ചട്ടപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ 1.1.1977-

നശേഷം നട്ടുപിടിപ്പിച്ച ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം കർഷകർക്ക് ലഭിക്കത്തക്കവിധത്തിൽ പട്ടയ വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കും. കാലപരിധിയില്ലാതെ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## III സബ്മിഷൻ

### (1) സത്യന്റെ കുടുംബത്തിന് ധനസഹായം

ശ്രീമതി പി. അയിഷാ പോറ്റി: നെടുമൺകാവ് തോട്ടിൽ ജീവൻ രക്ഷാ പ്രവർത്തനം നടത്തവേ മരണപ്പെട്ട സത്യന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതാണ്.

### (2) റോഡപകടത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ തിരുമുക്കിലെ റോഡപകടത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സാധാരണ നടപടിക്രമമനുസരിച്ച് അപകടത്തിൽപ്പെട്ട് മരണമടയുന്നവർക്കുള്ള ധനസഹായം ഇവർക്കും

അനുവദിക്കുന്നതാണ്.

(3) കയർ സഹകരണ സംഘം

ശ്രീ. സി. കെ. നാണു: വടകര ചോറോട് പഞ്ചായത്തിലെ കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും സംഘത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 100 തൊഴിലാളികളുണ്ടായിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 13 പേരാണ് ജോലി ചെയ്യുന്നത്. ഗുണനിലവാരം കുറഞ്ഞ ചകിരി ഉൽപ്പാദിപ്പിക്കുന്നതിനാൽ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്കാണ് വിറ്റഴിക്കുന്നത്. ഇലക്ട്രോണിക് റാട്ടിൽ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകി പുതിയ യാൺ പിരിച്ചെടുക്കുന്നതിനും 100 ക്വിന്റൽ കയർ പിരിക്കുന്നവർക്കുള്ള വർക്കിംഗ് ക്യാപ്പിറ്റലിൽ ഇളവ് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അനുവദിക്കുന്ന വർക്കിംഗ് ക്യാപ്പിറ്റലിൽ നിന്ന് ശമ്പള കുടിശ്ശിക നൽകേണ്ടതും കൂലി ബാങ്കിൽ നിക്ഷേപിക്കുന്നതോടുകൂടി സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിന്റെ പണം ലഭിക്കുന്നതുമാണ്.

(4) തലാസ്സീമിയ രോഗബാധിതരുടെ ചികിത്സ

ശ്രീ. എ. എൻ. ഷംസീർ: തലാസ്സിമിയ രോഗബാധിതർക്ക് കോഴിക്കോട്

മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ രക്താണുക്കളെ വേർതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും പ്രായഭേദമെന്യേ എല്ലാ തലാസ്സിമിയ രോഗികൾക്കും ലൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് സൗജന്യമായി നൽകുന്നതിനും ജീവൻരക്ഷാ മരുന്നുകളും ഫിൽട്ടർ സെറ്റും കാരുണ്യ ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഹീമോഗ്ലോബിന്റെ അസാധാരണമായ ഉൽപ്പാദനം കാരണം ചുവന്ന രക്താണുക്കൾ നശിക്കുന്നതുകൊണ്ടുണ്ടാകുന്ന വിളർച്ചാ രോഗമാണ് തലാസ്സിമിയ. രക്തം കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിക്കുക എന്നതാണ് ഇതിന്റെ ചികിത്സാ രീതി. പുതുരക്തം സ്വീകരിക്കേണ്ടിവരുന്ന രോഗികൾ ശ്വേത രക്താണുക്കൾ രക്തത്തിൽ കലരാതിരിക്കുന്നതിന് ലൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് ഉപയോഗിക്കാറുണ്ട്. തലാസ്സിമിയ ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകിവരുന്നതുമാണ്. ലൂക്കോസൈറ്റ് ഫിൽട്ടർ ചെയ്ത് ശ്വേതരക്താണുക്കളുടെ എണ്ണം കുറയ്ക്കാനുള്ള സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ നിലവിലില്ല. ഡിസ്എബിലിറ്റി ആക്ട് 2016-ൽ തലാസ്സിമിയ, ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ എന്നിവ കൂടി ഉൾപ്പെടുത്തിയാൽ സോഷ്യൽ സെക്യൂരിറ്റി

മിഷൻ മുഖേന ഇതിനാവശ്യമായ സഹായം ചെയ്യാൻ കഴിയുന്നതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ്.

(5) <u>മലമ്പുഴ റിംഗ് റോഡ്</u>

<u>ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ</u>: മലമ്പുഴ റിംഗ് റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: മലമ്പുഴ റിംഗ് റോഡിലെ മൈലാടിപ്പുഴയ്ക്ക് കുറുകെ പാലവും അപ്രോച്ച് റോഡും പണിയുന്നതിനായി 2016-17-ൽത്തന്നെ ഉത്തരവിറക്കുകയും 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ഡിസൈൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി നൽകാമെന്ന് ജനപ്രതിനിധികളും സ്ഥലവാസികളും അറിയിച്ചിട്ടുണ്ട്. എന്നാൽ വനം വകുപ്പിൽനിന്നും സ്ഥലം വിട്ടുകിട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതാണ്. പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള മുഴുവൻ വസ്തുവിന്റെയും സർവ്വേ നമ്പർ മരാമത്ത് വകുപ്പിന് ലഭ്യമല്ലാത്തതിനാൽ അവ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ

വകുപ്പിന്റെ റിപ്പോർട്ടും വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടാനുള്ള അനുവാദവും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(6) റോഡ് നിർമ്മാണത്തിലെ അപാകത

ശ്രീ. മഞ്ഞളാംകുഴി അലി: പാലക്കാട്-കോഴിക്കോട് ദേശീയപാതയിലെ അപകട വളവായ അരീപ്ര ശാസ്ത്രീയമായ രീതിയിൽ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോഴിക്കോട്-പാലക്കാട് ദേശീയ പാതയിലെ അപകട വളവായ അരീപ്ര റോഡ് പൊതുമരാമത്ത് ദേശീയ വിഭാഗം ഏറ്റെടുക്കുമ്പോഴും ഇതേ അലൈൻമെന്റാണുണ്ടായിരുന്നത്. അതിന് ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇപ്പോൾ നടത്തിവരുന്ന റോഡ് സുരക്ഷാ ഓഡിറ്റിംഗ് റിപ്പോർട്ടിൽ ഈ റോഡും പഠനവിധേയമാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്തുകൊണ്ട് വളവ് നികത്തുന്നതടക്കമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(7) ദേശീയപാത വീതി കൂട്ടൽ

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ ദേശീയപാതയിൽ മൂന്നുമുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

ആറ്റിങ്ങൽ ദേശീയപാതയിൽ മൂന്നുമുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നതിന് നിലവിൽ കുറച്ച് സാങ്കേതിക തടസ്സങ്ങളുണ്ട്. ആറ്റിങ്ങൽ ദേശീയപാത 47-ന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 2014-ൽ നാറ്റ്പാക് റിപ്പോർട്ട് തയ്യാറാക്കുകയും ആവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് നഗരസഭ അറിയിക്കുകയും ചെയ്തു. 2015-ൽ 80 ശതമാനം സ്ഥലവും ലഭ്യമാണെന്ന ആറ്റിങ്ങൽ ചെയർമാന്റെ കത്തുപ്രകാരം ടെൻഡർ നടപടികൾ സർക്കാർ അംഗീകരിച്ചെങ്കിലും കൃത്യസമയത്ത് സ്ഥലമേറ്റെടുത്ത് നൽകാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ ടെൻഡർ ക്യാൻസലാകുകയാണുണ്ടായത്. ആളുകൾ സ്ഥലം വിട്ടുനൽകാൻ തയ്യാറാകാത്തതിനാൽ ട്രഷറിയുടെയും നഗരസഭയുടെയും ഉടമസ്ഥതയിലുള്ള ഭൂമിയും കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുകയാണെങ്കിൽ കോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ ഭൂമിയും വിട്ടുതരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുകയാണെങ്കിൽ വീണ്ടും ഡി.പി.ആർ. തയ്യാറാക്കാനും ഭൂമിയുടെ ലഭ്യതയനുസരിച്ച് 20 മീറ്ററിന് പകരം അൽപ്പം കുറച്ച് പണിയാനുമാണ് ആലോചിക്കുന്നത്. ഇപ്പോൾ ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആറ്റിങ്ങൽ ടൗൺ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ സ്ഥലമേറ്റെടുക്കാനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള പുറമ്പോക്ക് അതിര് നിശ്ചയിച്ച് ഏറ്റെടുത്തശേഷം നാലുമുക്ക്-കച്ചേരി ജംഗ്ഷൻ വികസിപ്പിക്കുകയും പാലസ് റോഡ്

നിലവിലുള്ള രീതിയിൽ പണി തുടരുകയും ചെയ്യാവുന്നതാണ്. സർക്കാർ അനുവദിച്ച തുക കച്ചേരി മൂന്നുമുക്ക് ജംഗ്ഷനുകളുടെ വികസനത്തിനും പാലസ് റോഡ് വൺവേയായി പുനരുദ്ധരിക്കാനും വിനിയോഗിക്കാവുന്നതാണ്. താലൂക്ക് ഓഫീസ് കോംപ്ലക്സിന് മുന്നിലുള്ള സ്ഥലം തിരുവനന്തപുരം ഭാഗത്തേയ്ക്ക് വരുന്ന ബസ്സുകൾ നിർത്താനുള്ള ബസ് ബേ ആക്കിയാൽ ഈ ഭാഗത്തേയ്ക്കുള്ള ഗതാഗതക്കുരുക്ക് കുറയ്ക്കാൻ കഴിയും. ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പുന:സംവിധാനത്തിലൂടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(8) <u>ടെക്സ്റ്റൈൽസ് നവീകരണം</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കോട്ടയം ടെക്സ്റ്റൈൽസ് നവീകരിക്കുന്നതിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും നിലവിലുണ്ടായിരുന്ന മൂന്ന് ഷിഫ്റ്റ് പുന:സ്ഥാപിക്കുന്നതിനും ഗാർമെന്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: മെഷിനറികളുടെ കാലപ്പഴക്കവും തൊഴിലാളികളുടെ ഹാജരില്ലായ്മയും കേന്ദ്ര തൊഴിൽ നിയമ പ്രകാരം രാത്രി ഷിഫ്റ്റിൽ സ്ത്രീ തൊഴിലാളികളെ പണിയെടുപ്പിക്കാൻ കഴിയാത്തതും കോട്ടയം ടെക്സ്റ്റൈൽസ് മില്ലിന്റെ

ഉത്പാദനശേഷിയെ ദോഷകരമായി ബാധിക്കുകയും പ്രവർത്തന മൂലധനത്തിൽ വൻ ചോർച്ചയ്ക്ക് ഇടവരുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേയ്സ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് എല്ലാ മില്ലുകൾക്കും കോട്ടൺ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ എല്ലാ സ്പിന്നിംഗ് യൂണിറ്റുകൾക്കുമായി കോട്ടൺ വാങ്ങുന്നതിന് 20 കോടി രൂപ ഉൾപ്പടെ 96.20 കോടി രൂപ ടെക്സ്റ്റൈൽ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രക്രിയയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസും ഘട്ടംഘട്ടമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആലോചിക്കുന്നതാണ്. ടെക്സ്റ്റൈൽസ് മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകളുടെ ആധുനിക വൽക്കരണത്തിനുവേണ്ടി 496.81 കോടി രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. എൻ.സി.ഡി.സി. സഹായംകൂടി ഇക്കാര്യത്തിൽ ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(9) <u>വന്യമൃഗ ശല്യം</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിലെ വർദ്ധിച്ചുവരുന്ന വന്യമൃഗ ശല്യം പരിഹരിക്കുന്നതിനും അവയുടെ ആക്രമണത്തിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വയനാട് ജില്ലയിൽ വനപ്രദേശങ്ങളിൽ നിന്നും ജനവാസകേന്ദ്രങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും വന്യമൃഗങ്ങൾ ഇറങ്ങുന്നതിന്റെ ഫലമായി മനുഷ്യർക്കും കാർഷിക വിളകൾക്കും ധാരാളം നാശനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ട്. 7232 നഷ്ടപരിഹാര അപേക്ഷകളിലായി 537 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. വനപ്രദേശങ്ങളിലൂടെ രാത്രി വൈകി സഞ്ചരിക്കുന്ന നാട്ടുകാർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. ഏർലി വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ജനജാഗ്രതാ സമിതി യോഗങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന മറ്റ് പ്രതിരോധ മാർഗ്ഗങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ പൊറുതിമുട്ടിയ വടക്കനാട് ഗ്രാമനിവാസികൾ ആരംഭിച്ചിരിക്കുന്ന നിരാഹാര സമരം പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ജില്ലാകളക്ടർ ആലോചനായോഗം വിളിച്ചുചേർക്കുന്നതാണ്. വയനാട് ജില്ലയിലെ പ്രത്യേക സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന് ജില്ലയിലെ എം.എൽ.എ.മാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം ഈ മാസം 27-ാം തീയതി തിരുവനന്തപുരത്ത് ചേരുന്നതാണ്. വന്യജീവി ആക്രമണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(10) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. ഹൈബി ഈഡൻ: കൊച്ചിൻ കോർപ്പറേഷനിലെ ഗാന്ധിനഗർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി&ടി ഉദയാ കോളനികളിലെ നിവാസികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഉദയാ, പി&ടി കോളനികളിലെ നിവാസികൾക്ക് 7 കോടി രൂപ വിലവരുന്ന 35 സെന്റ് സ്ഥലത്ത് വീടുവച്ചുനൽകുന്ന പദ്ധതി ജി.സി.ഡി.എ. ചെയർമാൻ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള ജി.സി.ഡി.എ.യുടെ അപേക്ഷയിന്മേൽ അനുകൂല തീരുമാനം കൈക്കൊള്ളുന്നതാണ്.

## IV അനുശോചനം

39 ഇന്ത്യക്കാരെ ഐ.എസ്. ഭീകരർ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഇസ്ലാമിക് സ്റ്റേറ്റിന്റെ നിയന്ത്രണത്തിലായിരുന്ന ഇറാഖിലെ മൊസൂളിൽ നിന്നും ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ 39 ഇന്ത്യക്കാരെ 2014 ജൂണിൽ വെടിവച്ച് കൊലപ്പെടുത്തി. കൂട്ടക്കൊലയിൽ നിന്നും തലനാരിഴയ്ക്ക് രക്ഷപ്പെട്ട ഹർജിത് മാസിയുടെ കൺമുമ്പിൽ വച്ചാണ് കൊല നടത്തിയത്. ഇതോടെ കഴിഞ്ഞ നാല് വർഷമായുള്ള കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും കാത്തിരിപ്പ്

വൃഥാവിലായിരിക്കുകയാണ്. കുടുംബം പോറ്റാൻ കഠിനമായ സാഹചര്യങ്ങളിൽ വിദേശത്ത് ജോലി ചെയ്തവർ അതിക്രൂരമായി കൊലചെയ്യപ്പെട്ട സംഭവം ഹൃദയഭേദകമാണ്. സഭ ഈ സംഭവത്തെ അപലപിക്കുകയും ആശങ്കയും പ്രതിഷേധവും രേഖപ്പെടുത്തുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇറാഖിൽ മൂന്നരവർഷം മുമ്പ് ഐ.എസ്. ഭീകരരുടെ പിടിയിലായ 39 ഇന്ത്യക്കാരെ കൊലപ്പെടുത്തിയ സംഭവത്തെ അപലപിക്കുകയും കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു. ഇത്തരം ദാരുണമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആദ്യം ബന്ധുക്കളെ അറിയിക്കുന്നതിനുപകരം പാർലമെന്റിൽ നേരിട്ട് പ്രസ്താവന നടത്തിയ നടപടി ഖേദകരമാണ്. ബന്ദികളാക്കപ്പെട്ടവർ കൊല്ലപ്പെട്ടുവെന്ന് രക്ഷപ്പെട്ട് ഇന്ത്യയിൽ മടങ്ങിയെത്തിയ ഹർജിത് മാസിയുടെ വെളിപ്പെടുത്തൽ ഇത്രയുംകാലം കേന്ദ്ര സർക്കാർ അവഗണിക്കുകയായിരുന്നു. മാത്രമല്ല മാസി നുണപറയുകയാണെന്ന് ആരോപിച്ച് കള്ളകേസ് ചാർജ്ജ് ചെയ്ത് ജയിലിൽ അടക്കുകയും ചെയ്തു. ഈ പ്രശ്നം സംബന്ധിച്ച് പാർലമെന്റിൽ പ്രസ്താവന നടത്തേണ്ടിവന്നപ്പോഴെല്ലാം വസ്തുത മറച്ചുവയ്ക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചത്. മനുഷ്യത്വരഹിതമായ നടപടിയായി മാത്രമേ ഇതിനെ കാണാൻ കഴിയൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ബഹു. സ്പീക്കറും ബഹു.

മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. മൂന്നുവർഷം മുമ്പ് ഇറാഖിലെ മൊസൂളിൽ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ 39 ഇന്ത്യക്കാർ കൊല്ലപ്പെട്ടുവെന്ന വിവരം ഇന്നലെയാണ് വിദേശകാര്യ വകുപ്പുമന്ത്രി പാർലമെന്റിനെ അറിയിച്ചത്. ബന്ദികൾ കൊല്ലപ്പെട്ടുവെന്ന് രക്ഷപ്പെട്ട ഹർജിത് മാസി അറിയിച്ചിട്ടും കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. വിവരങ്ങൾ ബന്ധുക്കളിൽ നിന്നും പാർലമെന്റിൽ നിന്നും മറച്ചുവയ്ക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചത്. പ്രസ്തുത വാർത്ത ഇറാഖ് ഗവൺമെന്റ് പുറത്തുവിടാൻ പോകുന്നുവെന്ന് അറിഞ്ഞപ്പോൾ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് അത് പ്രഖ്യാപിക്കാൻ തയ്യാറായത്. ഞെട്ടലോടെയാണ് ലോകം ഈ വാർത്ത ശ്രവിച്ചത്. ക്രൂരവും പ്രാകൃതവുമായ ഈ നടപടിയെ അപലപിക്കുകയും അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു.

## V ക്രമപ്രശ്നം

### കിഫ്ബി വഴി സ്വരൂപിക്കുന്ന പണം വകമാറ്റൽ

ശ്രീ. മഞ്ഞളാംകുഴി അലി: ധനകാര്യ വകുപ്പിന്റെ ഉത്തരവിലൂടെ കിഫ്ബിയുടെ അക്കൗണ്ടിലുള്ളതും ഒരു കാരണവശാലും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ പാടില്ലാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയത് കിഫ്ബി ആക്ടിലെ വ്യവസ്ഥകൾക്കും ധനകാര്യ വകുപ്പുമന്ത്രിയുടെ

2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിനും വിരുദ്ധമാണ്. നിയമസഭാ ചോദ്യത്തിന് നൽകിയ ഉത്തരത്തിലും അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വരൂപിച്ച തുക യഥാർത്ഥ ചെലവു വഹിക്കാതെ ട്രഷറിയിൽ സൂക്ഷിച്ചിരുന്നുവെന്ന് വ്യക്തമാണ്. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി നിയമത്തിലെ വ്യവസ്ഥകൾക്കും സ്പീക്കറുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായ സർക്കാരിന്റെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും നടപടി ക്രമരഹിതമാണ്. ഇതു സംബന്ധിച്ച് റൂളിംഗ് നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കിഫ്ബിയുടെ ഫണ്ടിലൊരു ഭാഗം ട്രഷറിയിൽ സൂക്ഷിച്ചത് പൂർണ്ണമായും ക്രമപ്രകാരമാണ്. സർക്കാർ നൽകുന്ന പലതരത്തിലുള്ള ഫണ്ടുകളും കിഫ്ബി സമാഹരിക്കുന്ന ഫണ്ടുകളുമാണ് അടിസ്ഥാനപരമായി കിഫ്ബിക്കുള്ളത്. ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സർക്കാർ റിലീസ് ചെയ്യുന്ന തുകയൊഴികെ മറ്റു പണമെല്ലാം ബോർഡിന്റെ അംഗീകാരത്തോടെ ദേശസാൽകൃത ബാങ്കുകളിലോ സോവറിൻ ബോണ്ടുകളിലോ മറ്റു പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റുകളിലോ നിക്ഷേപിക്കണമെന്നാണ് നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബഡ്ജറ്റ് വിഹിതമായി റിലീസ് ചെയ്യുന്ന പണം ട്രഷറിയിൽ നിക്ഷേപിക്കാൻ പാടില്ലെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാരിൽ നിന്നും നൽകുന്ന പണം ട്രഷറിയിൽ സൂക്ഷിക്കാമെന്ന്

പ്രൊവൈസോയിൽ വ്യക്തമാക്കിയതു പ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കിഫ്ബി സമാഹരിക്കുന്ന പണം സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവഴിക്കുകയോ ചെയ്യുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: സർക്കാർ ചില പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാട് സംബന്ധിച്ച് ചട്ടപ്രകാരം ക്രമപ്രശ്നങ്ങൾ അനുവദനീയമല്ലെങ്കിലും ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതിനു വിരുദ്ധമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചു എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ അനുവദിച്ചത്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയും ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## VI റിപ്പോർട്ട് സമർപ്പണം

(1) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VII ധനകാര്യം

## 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജല വിതരണവും ശുചീകരണവും (1493,72,77,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (841,44,49,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (3978,51,86,000 രൂപ)

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണനയും കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയതും ബാങ്ക് വായ്പയുടെ അപര്യാപ്തതയും കർഷകരെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ കർഷക ആത്മഹത്യകൾ ഇല്ലാതാക്കാനും കടാശ്വാസ നിയമം നടപ്പിലാക്കാനും നാളികേര സംഭരണം നടത്താനും റബ്ബറിന് താങ്ങുവില നിശ്ചയിക്കാനും തരിശു ഭൂമിയിൽ കൃഷിയിറക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. കൃഷിക്കാർക്ക് ഉല്പാദന ബോണസ് നൽകാൻ തീരുമാനിച്ചത് ഗവൺമെന്റിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കേണ്ട ജലം നേടിയെടുക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പശ്ചിമഘട്ട സംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിലേയും വാട്ടർ അതോറിറ്റിയിലേയും ജീവനക്കാർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും

തൃക്കാക്കര നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ കടന്നുപോകുന്ന റോഡും ഇടപ്പള്ളി തോടിന് കുറുകെയുള്ള പാലവും പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം നേടിയെടുക്കുന്നതിനുള്ള ശ്രമം നടത്തണം. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ പ്രത്യേക ചീഫ് എഞ്ചിനീയറെ നിയമിക്കണം. യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും വൈറ്റില നെല്ല് ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനും കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ കാലോചിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. വിള ഇൻഷ്വറൻസും കർഷക പെൻഷനും വർദ്ധിപ്പിച്ചു. അരി മില്ലുകളും സംസ്കരണ യൂണിറ്റുകളും ആരംഭിച്ചുകൊണ്ട് സമയബന്ധിതമായി നെല്ല് സംഭരിക്കുകയും ഓണ വിപണികളിലൂടെ വിഷരഹിത പച്ചക്കറി വിതരണം ചെയ്യുകയും ചെയ്തു. കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തതിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചു. ജൈവ കാർഷിക നയം

നടപ്പാക്കുകയും കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ജൈവ പച്ചക്കറികൾ വിൽക്കുകയും ചെയ്തു. കീടനാശിനി ഉപയോഗം നിയന്ത്രിക്കുകയും തരിശ് സ്ഥലങ്ങളിലും നികത്തിയ സ്ഥലങ്ങളിലും കൃഷി ആരംഭിക്കുകയും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇപ്പോൾ ഉണ്ടാകുന്നില്ല. മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും കിണർ റീചാർജ്ജിംഗിനുമുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നെല്ലായ-കുലുക്കല്ലൂർ കുടിവെള്ള പദ്ധതി നടപ്പിലാക്കുകയും കൃഷി വകുപ്പുമായി ചേർന്ന് പുതിയ ജലനയം പ്രഖ്യാപിക്കുകയും ചെയ്യണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കുടിവെള്ള പ്രശ്നം രൂക്ഷമായിരിക്കുകയാണ്. കുടിവെള്ള പദ്ധതികൾക്കായി ഗുണമേന്മയുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ പൈപ്പുകൾ സ്ഥാപിക്കണം. നദികൾ സംരക്ഷിച്ച് പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിനായി ജലനയം രൂപീകരിക്കണം. കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല. തലക്കാട്-വെട്ടം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകണം. പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യുടെയും വാട്ടർ അതോറിറ്റിയുടെയും പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ യന്ത്രവൽക്കരണവും ഡ്രിപ് ഇറിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിഭവനുകൾ വഴി കാർഷികയന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനും ജൈവകീടനാശിനികളും ഉയരം കുറഞ്ഞ നല്ലയിനം തെങ്ങിൻതൈകളും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷി ലാഭകരമാക്കുന്നതുവഴി കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. നാളികേരത്തിന് വിലസ്ഥിരത ഉറപ്പാക്കുകയും കർഷകർക്ക് റോയൽറ്റി ലഭ്യമാക്കുകയും വേണം. പ്രോജക്ടുകൾ സമയബന്ധിതമായി സമർപ്പിച്ചും മതിയായ സംസ്ഥാന വിഹിതം വകയിരുത്തിയും ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. തുടങ്ങിയ കേന്ദ്രപദ്ധതികളുടെ ഫണ്ട് പരമാവധി നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സമയബന്ധിതമായി എ.എസ്./ടി.എസ്. നൽകി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെല്ല്, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ വയലുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചു. കൃഷിക്കുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതും ഗുഡ്

അഗ്രിക്കൾച്ചറൽ പ്രാക്ടീസ് നടപ്പിലാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങളും ശ്ലാഘനീയമാണ്. കൃഷിയിടങ്ങളിൽ കൃഷി ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി ചുമതലകൾ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണിന്റെ രാസഘടനയ്ക്കനുയോജ്യമായ കൃഷി നടത്തുന്നതിനും ടെക്നോളജി വികസിപ്പിച്ചെടുക്കുന്നതിനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ഈ രംഗത്ത് കൊണ്ടുവരുന്നതിനും സംഭരണശാലകൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്ത് കാർഷിക ഓഡിറ്റ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ഹരിത കേരളം മിഷനിലൂടെ വറ്റിവരണ്ട കുളങ്ങളും പുഴകളും പുനരുജ്ജീവിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സംസ്ഥാനത്ത് ജലനയം രൂപീകരിക്കുന്നതിനും വെള്ളത്തിന്റെ ലഭ്യതയെയും ഉപഭോഗത്തെയും കുറിച്ച് ജനങ്ങൾക്ക് ശാസ്ത്രീയ അവബോധം നൽകുന്നതിന് ജലസാക്ഷരതാ യജ്ഞവും നടത്തുന്നതിന് നടപടി സ്വീകരിക്കണം. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമുദ്ര ജലത്തിൽനിന്നും കുടിവെള്ളം തയ്യാറാക്കുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കണം. റോബോട്ടുകളെ പ്രയോജനപ്പെടുത്തി മാൻഹോളും ഓടകളും ശുചീകരിക്കുന്ന പ്രവൃത്തി അഭിനന്ദനാർഹമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: കാർഷിക മേഖലയെ തകർച്ചയിൽനിന്ന്

കരകയറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി റബ്ബർ മേഖല പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വില സ്ഥിരതാ ഫണ്ട് നടപ്പാക്കുന്നതിനും സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി കപ്പ് ലമ്പ് റബ്ബർ ഇറക്കുമതി ചെയ്യുന്നതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം. നെല്ല് സംഭരണം മുതൽ അരിയാക്കുന്ന ഘട്ടംവരെയുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ആരംഭിക്കുന്നതിനും നെൽകർഷകർക്ക് നൽകിയിരുന്ന പമ്പിംഗ് സബ്സിഡി പുന:സ്ഥാപിക്കുന്നതിനും കാർഷിക വായ്പകൾക്ക് 6 മാസത്തെ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇറിഗേഷൻ വകുപ്പ് പദ്ധതികൾക്കനുവദിക്കപ്പെട്ട തുക ചെലവഴിക്കാത്തത് സംബന്ധിച്ച് പരിശോധിക്കണം. മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കേന്ദ്ര പദ്ധതിയായ പി.എം.കെ.എസ്.വൈ.-ൽനിന്ന് അധികതുക നേടിയെടുക്കുന്നതിനും ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് സർക്കാർ ഫണ്ട് വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം. കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി പ്രോസ്പെരിറ്റി കൗൺസിൽ യോഗം ചേർന്ന് തീരുമാനമെടുക്കണം. ജലവിഭവ വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും കരാർ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം

നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയിലും ജലസേചന രംഗത്തും പുരോഗതി കൈവരിക്കുന്നതോടൊപ്പം കാർഷിക വളർച്ചാ നിരക്ക്, നെൽ-പച്ചക്കറി വിസ്തൃതി എന്നിവയിൽ വർദ്ധനവുണ്ടാക്കുന്നതിനും ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിള ഇൻഷ്വറൻസും കർഷക പെൻഷനും വർദ്ധിപ്പിച്ചത് സർക്കാരിന്റെ നേട്ടമാണ്. ആർ.കെ.വി.വൈ. വിഹിതം കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കുമ്പോഴും സംസ്ഥാന സർക്കാർ കാർഷിക പ്രവൃത്തികളേറ്റെടുത്ത് മുന്നോട്ടുപോകുകയാണ്. കൃഷിഭവനുകളെ കാർഷിക ക്ലിനിക്കുകളാക്കി മാറ്റിയതും 44 കേരഗ്രാമങ്ങൾ ആരംഭിക്കുന്നതും പ്രശംസനീയമാണ്. നെല്ല് സംഭരണത്തിൽ മില്ലുടമകളുടെ ചൂഷണത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കണം. തൃശ്ശൂർ, പൊന്നാനി കോൾ മേഖലയിലെ കനാലുകളിലെ എക്കൽ നീക്കം ചെയ്ത് ജലസംരക്ഷണം ഉറപ്പാക്കണം. മണലൂർ മണ്ഡലത്തിലെ കോലുമാട് ജലസേചന പദ്ധതി പ്രാവർത്തികമാക്കണം. മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയും കണ്ണോക്ക്, വാടാനപ്പള്ളി കുടിവെള്ള പദ്ധതികളും അടിയന്തരമായി പൂർത്തീകരിക്കണം. കേരള വാട്ടർ അതോറിറ്റിയിലെ കരാർ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കണം.

<u>ശ്രീ. പി. സി. ജോർജ്:</u> കൃഷി, ജലസേചന വകുപ്പുകൾ സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. ജലസേചന വകുപ്പ് അഴിമതി വിമുക്തമാക്കണം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഹരിത കേരളം പദ്ധതിയിലൂടെ കാർഷിക മേഖല പുരോഗമിക്കുകയും കർഷക ആത്മഹത്യയില്ലാത്ത സംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടുണ്ട്. നെല്ലുല്പാദന വർദ്ധനവിനോടൊപ്പം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും സാധിച്ചിട്ടുണ്ട്. ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് തനത് ബ്രാൻഡ് വിപണിയിലെത്തിക്കാനും തരിശുനിലങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനും ആനുകൂല്യങ്ങൾ ഇ-പേമെന്റ് വഴി കർഷകരുടെ അക്കൗണ്ടിലെത്തുന്നതിനുള്ള സംവിധാനവും സർക്കാർ ചെയ്തിട്ടുണ്ട്. നാളികേര വികസനത്തിനായുള്ള കേരഗ്രാമം പദ്ധതിയും 2017-18 വർഷം കേരവർഷമായി പ്രഖ്യാപിച്ചതും കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും പ്രശംസനീയമാണ്. നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചത് കർഷകർക്ക് ഗുണം ചെയ്യുന്നതാണ്. പലിശരഹിത വായ്പ ലഭ്യമാകുന്നതിന് പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തതും അഗ്രോ പാർക്കിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ് നെയിം കൊടുക്കാനുള്ള ശ്രമവും അഭിനന്ദനാർഹമാണ്. കുട്ടനാട്ടിലെ

പമ്പിംഗ് സബ്സിഡി കൃത്യമായി ലഭ്യമാക്കാനും നെല്ല് കയറ്റുമതിയിലെ ഹാൻഡ്ലിംഗ് ചാർജ് വർദ്ധിപ്പിച്ചു നൽകാനും നടപടിയുണ്ടാകണം.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ നിലവിലുള്ള ജല-വൈദ്യുത പദ്ധതികൾ മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ലായെന്ന് മാത്രമല്ല പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിലും കാലതാമസമുണ്ടാകുന്നുണ്ട്. കിഫ്ബി വഴി പ്രഖ്യാപിച്ച എത്ര പദ്ധതികൾക്ക് ഭരണാനുമതി നേടിയെടുക്കാൻ സാധിച്ചു എന്നതിനെക്കുറിച്ച് വിശദമായി പരിശോധിക്കണം. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളുടെ പുനരുദ്ധാരണത്തിനും ജലസേചന പദ്ധതികളുടെ മെയിന്റനൻസ് സമയോചിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജാതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും നാളികേരത്തിന്റെ ഉൽപ്പാദനവും ഗണ്യമായി കുറയുകയാണ്. സഹകരണ സംഘങ്ങൾവഴി തേങ്ങ സംഭരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. ശശി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖല

ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ മികച്ച ഇടപെടൽ കൃഷി വകുപ്പ് നടത്തുന്നുണ്ട്. കർഷക ആത്മഹത്യകൾ ഗണ്യമായി കുറഞ്ഞു. നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 34000 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി നടത്താൻ സാധിച്ചു. ഉൽസവ സീസണിൽ 1300 വിപണികളിലൂടെ വിഷരഹിത പച്ചക്കറി വിൽപ്പന നടത്തുന്നതിനും ഉയർന്ന വിലയ്ക്ക് കർഷകരിൽനിന്ന് ഉൽപ്പന്നങ്ങൾ വാങ്ങി മുപ്പത് ശതമാനം വരെ വിലകുറച്ച് വിതരണം ചെയ്യുന്നതിനും കൃഷി വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കിയതിലൂടെ ജലവിഭവ വകുപ്പ് മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഷൊർണ്ണൂരിലെ ചെക്ക് ഡാമിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണ പുരോഗതി അഭിനന്ദനാർഹമാണ്. പറമ്പിക്കുളം ആളിയാർ കരാർ വ്യവസ്ഥ പുതുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലം, മണ്ണ്, കൃഷി എന്നിവയുടെ സംരക്ഷണത്തിന് തുല്യപ്രാധാന്യം നൽകിക്കൊണ്ടുള്ള വികസന

തന്ത്രമാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. കാർഷിക മേഖലയെ അവഗണിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ആഭ്യന്തര വരുമാനത്തിലെ ഗണ്യമായ കുറവ്, കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് എന്നിവ പരിഹരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ കോർപ്പറേറ്റുവൽക്കരണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിൽ നെൽകൃഷിയുടെയും പച്ചക്കറി കൃഷിയുടെയും വ്യാപ്തി വർദ്ധിപ്പിക്കാൻ സാധിച്ചതും ഓണക്കാലത്ത് വിപണി ഇടപെടലിലൂടെ കുറഞ്ഞ വിലയിൽ പച്ചക്കറി വിതരണം ചെയ്തതും അഭിനന്ദനാർഹമാണ്. കർഷക സംരക്ഷണ സമീപനമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. കേരളത്തിലെ റബ്ബർ കൃഷിയുടെ തകർച്ചയ്ക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിലകൊള്ളേണ്ടതാണ്. കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ച് കുടിശ്ശികസഹിതം കൊടുത്തുതീർക്കാനും വിവിധ വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനും സർക്കാരിന് സാധിച്ചു. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ജലവിഭവ വകുപ്പിന്റെ ഇടപെടൽ ശ്രദ്ധേയമാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പശ്ചിമഘട്ടത്തിന്റെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കേണ്ടത് അത്യാവശ്യമാണ്.

ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും മണലൂറ്റും തടയുന്നതിന് നടപടി സ്വീകരിക്കണം. പുതുതലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലങ്ങളിലുള്ള കുട്ടികൾക്ക് കാർഷിക വൃത്തിക്കായുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാകണം. വിജ്ഞാന-വ്യാപന രംഗങ്ങളിൽ കാർഷികവൃത്തിക്ക് സജീവമായ ശ്രദ്ധ കൊടുക്കാൻ കഴിയണം. കൃഷി പ്രോത്സാഹിപ്പിക്കാനും പൈതൃക കൃഷി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വാട്ടർ അതോറിറ്റിയുടെ വലിയ പ്രോജക്ടുകൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനുമുള്ള സംവിധാനങ്ങളുണ്ടാകണം.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷി, ജലസേചനം എന്നീ വകുപ്പുകൾ തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. മണ്ണ്-ജലസംരക്ഷണം എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനരീതി അവലംബിക്കുകയും ജലസംരക്ഷണ പ്രവർത്തനത്തിനായി ഒരു വകുപ്പ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം. കാർഷിക മേഖലയിൽ ഫലപ്രദമായ ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനം മാതൃകാപരമാണ്. 2020-ഓടെ ടാങ്കർ ലോറികളിൽ നിന്നുള്ള ജലത്തെ ആശ്രയിക്കാത്ത ഒരു

നിയോജകമണ്ഡലമായി തളിപ്പറമ്പിനെ മാറ്റുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2016-17-ലെ ഇക്കണോമിക് സർവ്വേ കണക്ക് പ്രകാരം കാർഷികോൽപ്പന്നങ്ങളും നെല്ലുൽപ്പാദനത്തിന്റെ ഏരിയയും സംസ്ഥാനത്ത് കുറഞ്ഞുവരികയാണ്. വാട്ടർ അതോറിറ്റി ജീവനക്കാരുടെയും പെൻഷൻകാരുടെയും പല ആനുകൂല്യങ്ങളും മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ധനകാര്യ വിഭാഗത്തിൽ അക്കൗണ്ട്സ് മെമ്പറെ നിയമിക്കുന്നതിനോ ഫിനാൻസ് മാനേജരുടെ ഒഴിവ് നികത്തുന്നതിനോ ആവശ്യക്കാർക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തിന് അർഹതപ്പെട്ട നദീജലം കാര്യക്ഷമമായ രീതിയിൽ വിനിയോഗിക്കുന്നതിന് നടപടിയുണ്ടാകണം. ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിനായി കൊണ്ടുവന്ന നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ജലദൗർലഭ്യം നേരിടുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പും മഴവെള്ള സംഭരണം ലക്ഷ്യമാക്കി മൂന്ന് കർമ്മസേനകൾ രൂപീകരിക്കുമെന്നും തടയണകളുടെയും റെഗുലേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളും പാലിക്കപ്പെട്ടിട്ടില്ല. ലൈസൻസില്ലാതെ കുപ്പിവെള്ളം വിതരണം നടത്തുന്ന യൂണിറ്റുകളെക്കുറിച്ച് അന്വേഷിക്കുന്നതിനും

മാലിന്യംകലർന്ന കുപ്പിവെള്ളം വിതരണം ചെയ്യുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. നിയന്ത്രണമില്ലാതെ ഭൂഗർഭജലം ഊറ്റിയെടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. രൂക്ഷമായ വരൾച്ച കാർഷികരംഗത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് നേരിടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടില്ല. 1080 ശുദ്ധജല പദ്ധതികളിലൂടെ 54.27% ജനങ്ങൾക്കാണ് വാട്ടർ അതോറിറ്റി ജലം ലഭ്യമാക്കിവരുന്നത്. 6050 കോടി രൂപയുടെ ശുദ്ധജല പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. 2015-16 വർഷം മുതൽ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള കേന്ദ്ര വിഹിതം ഗണ്യമായി കുറയുകയും അത് പല പദ്ധതികളുടെയും നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഫീസിബിളായ പദ്ധതികൾ നബാർഡിന്റെയും കിഫ്ബിയുടെയും സ്റ്റേറ്റ് പ്ലാനിന്റെയും മറ്റും സഹായത്തോടെ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര വിഹിതം മുഴുവൻ ചെലവഴിച്ചതിന് 25 കോടി രൂപയുടെ ബോണസ് എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ നിന്നും വാട്ടർ അതോറിറ്റിക്ക്

ലഭിച്ചിട്ടുണ്ട്. നബാർഡിന്റെ ധനസഹായത്തോടെ 38 ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പാക്കിവരികയും 2016-17-ൽ 1,257 കോടി രൂപയുടെ 23 പദ്ധതികൾക്ക് കിഫ്ബിയിലൂടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 433 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം കിട്ടുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ മുഴുവൻ സമയ തടസ്സരഹിത ജലവിതരണത്തിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആലപ്പുഴ ജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനും വെസ്റ്റ് കൊച്ചിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ശബരിമലയിൽ കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. മൂന്ന് ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകാനും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് ഇന്നൊവേഷൻ സോൺ ആരംഭിക്കുകയും ആദ്യസംരംഭമെന്ന നിലയിൽ മാൻഹോളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് യന്ത്രമനുഷ്യനെ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. വരവു ചെലവുകളിലെ അന്തരം കുറയ്ക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വെള്ളക്കരം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കെ.എസ്.ഇ.ബി.യുടെ കുടിശ്ശിക

തീർക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. പ്രതിവർഷം രണ്ട് ലക്ഷം പുതിയ കണക്ഷനുകൾ നൽകുന്നതിനും ശുദ്ധീകരണശാലകളില്ലാത്ത മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അവ നിർമ്മിക്കുന്നതിനും മൂന്നുവർഷത്തിനുള്ളിൽ കുടിവെള്ള കവറേജ് പത്ത് ശതമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോർപ്പറേഷനുകളിലും പ്രധാന പട്ടണങ്ങളിലും സീവറേജ് പദ്ധതികൾ നടപ്പാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും തോടുകളും കുളങ്ങളും നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത നദികളിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിനും ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. വരട്ടാർ പുനരുജ്ജീവനത്തിന്റെ മാതൃകയിൽ നഷ്ടപ്പെട്ടുപോയ നദികളുടെ പുനരുജ്ജീവനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജനകീയമായി നടപ്പാക്കുന്നതാണ്. ജലനിധിയുമായി ബന്ധപ്പെട്ട് പുതിയ ശുദ്ധജല വിതരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും പണി പൂർത്തിയാക്കിയ പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ വിദ്യാലയങ്ങൾക്ക് ജലസംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ നൂറ്

പഞ്ചായത്തുകളിൽ ജലനിധിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് വാട്ടർ അതോറിറ്റിയിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയത്. ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതും മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അംഗീകരിച്ച ജലനയത്തിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പാക്കുന്നതുമാണ്. അക്കൗണ്ട്സ് മാനേജർ, ഫിനാൻസ് മാനേജർ തസ്തികകളിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കൃഷി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ ഇരുഭാഗത്തുനിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായത് സന്തോഷകരമാണ്. 2,20,000-ലധികം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ആർ.കെ.വി.വൈ. പദ്ധതി നടത്തിപ്പിലെ എക്സ്പെൻഡിച്ചർ കഴിഞ്ഞ വർഷത്തേതിൽനിന്നും 3 ശതമാനം കൂടിയെങ്കിലും കേന്ദ്ര വിഹിതം 282 കോടി രൂപയായി കുറയ്ക്കുകയും ഉല്പാദന മേഖലയിൽ 20 ശതമാനത്തിൽ കൂടുതൽ നൽകാൻ പാടില്ലെന്ന മാനദണ്ഡംകൂടി ഉൾപ്പെടുത്തിയിരിക്കുകയുമാണ്. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ വകുപ്പുകളുടേതായി 140 കോടി രൂപയുടെ

പദ്ധതികൾ സെൻട്രൽ നോംസ് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. എക്സ്പെൻഡിച്ചർ സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഏപ്രിൽ മാസം 9-ാം തീയതി ഈ വർഷത്തെ എസ്.എൽ.ഇ.സി. മീറ്റിംഗ് കൂടാൻ തീരുമാനിക്കുകയും ഇതുമായി ബന്ധപ്പെട്ട ഫണ്ട് റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് പ്രത്യേക ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന സ്കീം പ്രകാരം മുപ്പതിനായിരത്തിലധികം കോടി രൂപയുടെ സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചെങ്കിലും 25 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേഷൻ ഭാഗത്തുനിന്നുള്ള വീഴ്ചകൾ പരിഹരിക്കാൻ സത്വര നടപടി സ്വീകരിച്ചുവരികയാണ്. ആർ.കെ.വി.വൈ. പദ്ധതി വിഹിതത്തിൽനിന്നും ഉല്പാദന മേഖലയ്ക്ക് ധനസഹായം നൽകാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതിനാൽ കൃഷിക്കാരെ സഹായിക്കാൻവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 4500 കോടി രൂപ അധികമായി വകയിരുത്തേണ്ടി വന്നിരിക്കുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതും കർഷക പെൻഷൻ വർദ്ധിപ്പിച്ചതും കേരളത്തിൽ കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ സഹായകമായിട്ടുണ്ട്. സുസ്ഥിര നെൽകൃഷിക്ക് ഹെക്ടറിന് 6,000/- രൂപയും

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി ഹെക്ടറിന് 10,000/- രൂപയും കരനെൽകൃഷിക്ക് 13,600/- രൂപയും തരിശുനില കൃഷിക്ക് 30,000/- രൂപയും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കുമ്പോൾ 10,000/- രൂപയും പ്രൊഡക്ഷൻ ബോണസ് ഇനത്തിൽ 1000/- രൂപയും നൽകുന്നതിനുപുറമെ പമ്പിംഗ് സബ്സിഡിയും സൗജന്യ വൈദ്യുതിയും നെല്ലിന്റെ സംഭരണവിലയും നൽകിവരുന്നുണ്ട്. ബ്ലോക്ക് കൺവെർജൻസ് സ്കീം പ്രകാരം ഇൻഫ്രാസ്ട്രക്ച്ചർ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സൗജന്യമായി വിത്ത് വിതരണം ചെയ്യുകയും സ്പെഷ്യൽ അഗ്രികൾച്ചർ സോണുമായി ബന്ധപ്പെട്ട് പത്ത് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി ചെലവിനാനുപാതികമായി നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തു. സിവിൽ സപ്ലൈസ് വകുപ്പുമായി ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ നെല്ല് സംഭരണം ഏറ്റെടുക്കുന്നതിനും ആലത്തൂരിൽ സർക്കാരിന്റെ നേതൃത്വത്തിൽ പുതിയ മിൽ ആരംഭിക്കുന്നതിനും പാലക്കാട് ജില്ലയിലെ വെയർ ഹൗസിംഗ് കോർപ്പറേഷൻ മില്ലിനെ ഓയിൽ പാം കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മില്ലുടമകളും കൃഷിക്കാരും തമ്മിലുള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 34000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുകയും ജൈവകൃഷി ശാസ്ത്രീയമായി പുന:സംഘടിപ്പിക്കാൻ

തീരുമാനിക്കുകയും ജൈവ കാർഷിക നയം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി വിൽപ്പനശാലകളിൽ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നുണ്ട്. നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷി വകുപ്പുമന്ത്രി ചെയർമാനായി നാളികേര മിഷൻ രൂപീകരിക്കാനും വ്യവസായ വകുപ്പുമായി ചേർന്ന് നാളികേരാധിഷ്ഠിത മൂല്യവർദ്ധിത വ്യവസായം സംബന്ധിച്ച് അന്താരാഷ്ട്ര സിംപോസിയം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം 79 പഞ്ചായത്തുകളിൽ കേര ഗ്രാമം പദ്ധതി നടപ്പാക്കുന്നതും ഓരോ കേര ഗ്രാമത്തിലും മൂല്യവർദ്ധിത ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതുമാണ്. മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി വൈഗ പദ്ധതിക്ക് തുടക്കം കുറിക്കുകയും തൃശ്ശൂർ ജില്ലയിൽ അഗ്രോപാർക്ക് ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വാഴ, കൈതച്ചക്ക കൃഷി വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ സുലഭമായി ലഭിക്കുന്നതും പോഷകസമൃദ്ധവുമായ ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കേരള ഇന്നൊവേഷൻ എക്സ്റ്റെൻഷൻ പ്രോജക്ടും ചെറുകിട കാർഷിക യന്ത്രോപകരണങ്ങൾക്കായി 5 കോടി രൂപ ചെലവിൽ പ്രത്യേക

പദ്ധതിയും നടപ്പിലാക്കുന്നതും സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെയും WTO സെല്ലിന്റെയും നേതൃത്വത്തിൽ ഇന്റർനാഷണൽ ട്രേഡ് ആന്റ് അഗ്രികൾച്ചറൽ ട്രേഡ് പോളിസീസ് എന്ന വിഷയത്തിൽ കൺവെൻഷൻ സംഘടിപ്പിക്കുന്നതുമാണ്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കേന്ദ്ര ഗവൺമെന്റ് ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്. കൃഷിയെ സാമൂഹ്യ ഉത്തരവാദിത്വമായി മാറ്റണമെന്ന ലക്ഷ്യം മുൻനിർത്തിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൃഷി വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10 ലക്ഷം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്-വാർഡ് തലങ്ങളിൽ രണ്ട് മാസം ദൈർഘ്യമുള്ള കർഷക സഭകൾ സംഘടിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ ഉൽപ്പാദനോപാധികളും മറ്റും ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഞാറ്റുവേല ചന്ത നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം

നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.)

- - -